## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2192 — 05.12.2018 ൽ മറുപടിക്ക്

### തിരുവമ്പാടി മണ്ഡലത്തിൽ രണ്ടാംഘട്ട ആർദ്രം പദ്ധതി

| | ചോദ്യം<br>ശ്രീ.ജോർജ്ജ് എം. തോമസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനായി തെരഞ്ഞെടുത്ത തിരുവമ്പാടി മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഏതൊക്കയയാണെന്നും അവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനായി തെരഞ്ഞെടുത്ത തിരുവമ്പാടി മണ്ഡലത്തിലെ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു<br>1. സാമൂഹികാരോഗ്യ കേന്ദ്രം, കോടഞ്ചേരി<br>2. പ്രാഥമികാരോഗ്യ കേന്ദ്രം, തിരുവമ്പാടി<br>3. പ്രാഥമികാരോഗ്യ കേന്ദ്രം, കൂടരഞ്ഞി<br>4. പ്രാഥമികാരോഗ്യ കേന്ദ്രം, കൊടിയത്തൂർ<br>5. പ്രാഥമികാരോഗ്യ കേന്ദ്രം, കാരശേരി<br>ഗ്യാപ്പ് അനാലിസിസിന്റെ അടിസ്ഥാനത്തിൽ ഇവയുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഈ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് എന്നുമുതൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഗ്യാപ്പ് അനാലിസിസ് നടത്തി ഗവൺമെന്റ് അംഗീകൃത ഏജൻസികൾ വഴി ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികളും തുടർ പ്രവർത്തനങ്ങളും നടന്നു വരുന്നു. ഇവിടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. മേൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ